## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **10-06-2021 - ൽ മറുപടിയ്ക്ക്**

## ബോർഡുകളിലും കോർപ്പറേഷനുകളിലും താൽക്കാലിക നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; | (എ) | 31.05.2021 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 37,71,628 (മുപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി എട്ട്) തൊഴിൽ രഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2016-21-ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്നും അതിൽ സ്ഥിരനിയമനം എത്ര പേർക്ക് ലഭിച്ചുവെന്നും അറിയിക്കുമോ; | (ബി) | 2016-2021 ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 53,997 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. അതിൽ 10814 പേർക്ക് സ്ഥിര നിയമനം ലഭ്യമായിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ കീഴിലെ പല ബോർഡുകളിലും കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തുകയും ഇപ്രകാരം നിയമിച്ചവരെ സ്ഥിരപ്പെടുത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിലവിലുള്ള നിയമത്തിന് വിരുദ്ധമായതിനാൽ, ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്തുവാൻ പാടുള്ളു എന്ന നിർദ്ദേശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ സർക്കാരിന്റെ (2016-2021) കാലത്ത് താൽക്കാലികമായി നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വകുപ്പുകളിലും സർക്കാരിന്റെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് എന്ന് വിവിധ സർക്കാർ ഉത്തരവുകളിലൂടെ എല്ലാ വകുപ്പുകൾക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിൽ നിയമനം നടത്തിയിട്ടുള്ള പക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചു വിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/ അർദ്ധസർക്കാർ/ബോർഡ്/ കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽ പെടാത്ത |

| | | | |
|---|---|---|---|
| | | | ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ